REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയുടേതെന്നും അധികം താമസിയാതെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി രാജ്യം മാറുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **നിയമസഭാ സ്പീക്കർമാരുടെ രണ്ട് ദിവസത്തെ അഖിലേന്ത്യാ സമ്മേളനം ഡൽഹി നിയമസഭയിൽ ഇന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും.**
- **വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട നയ രൂപീകരണത്തിന് ഏവിയേഷൻ ഉച്ചകോടി വേദിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ട്രാൻസ്ജെൻഡർ സമൂഹത്തോട് സമഭാവനയിൽ അധിഷ്ഠിതമായ കാഴ്ചപ്പാട് പുലർത്തണമെന്ന് മന്ത്രി ഡോ. R ബിന്ദു.**
- **16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 40 മെഡലുകളുമായി ഇന്ത്യ ഒന്നാം സ്ഥാനത്ത് തുടരുന്നു.**

## വാർത്തകൾ വിശദമായി

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയുടേതെന്നും അധികം താമസിയാതെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി രാജ്യം മാറുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യ അതിന്റെ ശക്തിയും പ്രതിരോധശേഷിയും കൊണ്ട് ലോകത്തിന് പ്രതീക്ഷയുടെ ഒരു ദീപമായി നില കൊള്ളുകയാണെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. കഴിഞ്ഞ പത്ത് വർഷമായി കാണുന്ന വളർച്ചയ്ക്കും പ്രതിരോധശേഷിക്കും കാരണം സാമ്പത്തിക സ്ഥിരതയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ജപ്പാൻ, ചൈന സന്ദർശനത്തിന് ഈ മാസം 29 ന് തുടക്കമാകും. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ ഈ മാസം 31 മുതൽ അടുത്ത മാസം 1 വരെ പ്രധാനമന്ത്രി ചൈന സന്ദർശിക്കും.

✪✪✪

ഫിജി പ്രധാനമന്ത്രി സിതിവേനി ലിഗമ മഡ റബുക മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. മന്ത്രി രതു അറ്റോണിയോ ലാല ബലാവും, മുതിർന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പം ഉണ്ടാകും. നാളെ അദ്ദേഹം, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ചർച്ച നടത്തും. രാഷ്ട്രപതി ദ്രൗപതി മുർമുവിനെയും ഫിജി പ്രധാനമന്ത്രി സന്ദർശിക്കും.

✪✪✪

നിയമസഭാ സ്പീക്കർമാരുടെ രണ്ട് ദിവസത്തെ അഖിലേന്ത്യാ സമ്മേളനം ഡൽഹി നിയമസഭയിൽ ഇന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും. കേന്ദ്ര നിയമസഭയുടെ സ്പീക്കറായി വിത്തൽഭായ് പട്ടേൽ ചുമതലയേറ്റതിന്റെ നൂറാം വാർഷികത്തിന്റെ സ്മരണയ്ക്കായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. 29 സംസ്ഥാന നിയമസഭകളുടെ സ്പീക്കർമാരും ആറ് സംസ്ഥാനങ്ങളിലെ ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാൻമാരും, വൈസ് ചെയർമാൻമാരും സമ്മേളനത്തിൽ പങ്കെടുക്കും.

✪✪✪

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി നാളെ അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണൻ NDA സ്ഥാനാർത്ഥിയായും മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് B സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും പത്രിക നൽകിയിട്ടുണ്ട്. അടുത്ത മാസം 9-നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

✪✪✪

വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട നയ രൂപീകരണത്തിന് ഏവിയേഷൻ ഉച്ചകോടി വേദിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രഥമ കേരള ഏവിയേഷൻ ഉച്ചകോടി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യോമയാന ചർച്ചകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പു വരുത്താനും നിക്ഷേപം പ്രോത്സാഹിപ്പിക്കാനും ഉച്ചകോടി പ്രയോജനപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

മലപ്പുറം, പാലക്കാട് ജില്ലകളിലെ യാത്രക്കാർക്ക് ആശ്വാസമായി നിലമ്പൂർ മെമു ട്രെയിൻ സർവീസ് ആരംഭിച്ചു. ആദ്യ യാത്ര ഇന്നലെ രാത്രി ഷൊർണ്ണൂരിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്തു. സ്വാതന്ത്ര്യത്തിനു മുൻപുണ്ടായിരുന്ന വികസനങ്ങളെല്ലാം രാജ്യത്തെ ചൂഷണം ചെയ്യാൻ വേണ്ടിയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ബ്രിട്ടീഷ് ഭരണകാലത്ത് നിലമ്പൂരിൽ നിന്ന് ഗുഡ്സ് ട്രെയിൻ സർവീസ് ആരംഭിച്ചത് അവിടുത്തെ വിഭവങ്ങൾ കൊള്ളയടിക്കാൻ വേണ്ടിയായിരുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നിലവിൽ വൈകിട്ട് 5.40 ന് എറണാകുളം ജംഗ്ഷനിൽ നിന്നും പുറപ്പെടുന്ന മെമു, 8.40 നാണ് ഷൊർണൂരിൽ എത്തുന്നത്. ഷൊർണൂരിൽ നിന്ന് രാത്രി 8.45 പുറപ്പെട്ട് നിലമ്പൂരിൽ 10.05ന് എത്തുന്ന രീതിയിലാണ് സമയക്രമം.

✪✪✪

ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിങ്ങിന് സമയപരിധി അടുത്തമാസം 10 വരെ നീട്ടിയതായി മന്ത്രി KN ബാലഗോപാൽ പറഞ്ഞു. അക്ഷയ കേന്ദ്രങ്ങൾ വഴി സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിങ്ങ് നടത്താനാകും.

✪✪✪

സംസ്ഥാനത്തെ AAY റേഷൻകാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും സംസ്ഥാന ഗവൺമെന്റ് നൽകുന്ന സൗജന്യ ഓണക്കിറ്റ് വിതരണത്തിന് മറ്റന്നാൾ തുടക്കമാകും. മന്ത്രി GR അനിൽ തിരുവനന്തപുരത്ത് സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കും.

✪✪✪

സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ഇന്ന് കേര വെളിച്ചെണ്ണ ലിറ്ററിന് 445 രൂപ നിരക്കിൽ ലഭിക്കും. ഒരു ദിവസത്തേക്ക് മാത്രമുള്ള പ്രത്യേക വിലക്കുറവാണ് ഇത്.

സപ്ലൈകോ ശബരി ബ്രാൻഡിലെ വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ 349 രൂപയ്ക്കും, സബ്സിഡി ഇതര നിരക്കിൽ 429 രൂപയ്ക്കും നിലവിൽ നൽകുന്നുണ്ട്.

✪✪✪

കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി മത്സ്യക്കൃഷിയുടെ സാധ്യതകൾ പഠിക്കുന്നതിന് കേന്ദ്ര ഫിഷറീസ് വിദഗ്ധ സംഘം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലകൾ സന്ദർശിച്ചു. തദ്ദേശവാസികളും കർഷകരും തൊഴിലാളികളുമായി സംഘം ചർച്ച നടത്തി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന്റെ നിർദ്ദേശമനുസരിച്ചാണ് കേന്ദ്ര സംഘമെത്തിയത്.

✪✪✪

ട്രാൻസ്ജെൻഡർ സമൂഹത്തോട് സമഭാവനയിൽ അധിഷ്ഠിതമായ കാഴ്ചപ്പാട് പുലർത്തണമെന്ന് മന്ത്രി ഡോ. R  ബിന്ദു പറഞ്ഞു. സാമൂഹ്യ നീതി വകുപ്പ് കോഴിക്കോട്ട് സംഘടിപ്പിച്ച അഞ്ചാമത് സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം - വർണ്ണപ്പകിട്ട് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കലോത്സവത്തിൽ 150 പോയിന്റ് നേടി തിരുവനന്തപുരം ജില്ല കലാകിരീടം കരസ്ഥമാക്കി. 135 പോയിന്റുമായി എറണാകുളം രണ്ടാം സ്ഥാനവും, 124 പോയിന്റുമായി മലപ്പുറം മൂന്നാം സ്ഥാനവും സ്വന്തമാക്കി. ആലപ്പുഴയിലെ ജാനകി രാജിനെ കലാരത്നമായും തൃശൂർ ജില്ലയിലെ ദേവൂട്ടി ഷാജിയെ സർഗ പ്രതിഭയായും തെരഞ്ഞെടുത്തു. കലോത്സവ മത്സര വിജയികൾക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

ഭിന്നശേഷി വിഭാഗക്കാരുടെ ശാക്തീകരണവും പുന:രധിവാസവും ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്ക് സാമൂഹികനീതി വകുപ്പ് നേതൃത്വം നൽകുകയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. കോഴിക്കോട് ജില്ലയുടെ യുണീക് ഡിസെബിലിറ്റി ID രജിസ്ട്രേഷൻ, പൂർത്തീകരണ പ്രഖ്യാപനവും ഉപഹാര സമർപ്പണവും നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് സമ്പൂർണ UDID രജിസ്ട്രേഷൻ പൂർത്തിയാക്കിയ ആദ്യ ജില്ലയാണ് കോഴിക്കോട്.

✪✪✪

16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ കസാക്കിസ്ഥാനിൽ 22 സ്വർണമുൾപ്പെടെ 40 മെഡലുകളുമായി ഇന്ത്യ ഒന്നാം സ്ഥാനത്ത് തുടരുന്നു. 10 മീറ്റർ എയർ റൈഫിളിൽ സീനിയർ, ജൂനിയർ വിഭാഗങ്ങളിൽ സ്വർണം നേടിയതോടെയാണ് സ്വർണ മെഡലുകളുടെ എണ്ണം 22 ആയത്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ തൃശൂർ ടൈറ്റൻസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ ഒൻപത് റൺസിന് തോല്പിച്ചു. ടൂർണ്ണമെന്റിൽ ടൈറ്റൻസിന്റെ തുടർച്ചയായ രണ്ടാം വിജയമാണിത്.ഇതോടെ തൃശൂരിന് നാല് പോയിന്റായി.

✪✪✪

145-ാമത് US ഓപ്പൺ ടെന്നീസ് ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. പുരുഷ വിഭാഗം സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാന്നിക് സിന്നർ, സ്പെയിനിന്റെ രണ്ടാം നമ്പർ താരം കാർലോസ് അൽകാരസ്, നാല് തവണ US ഓപ്പൺ ജേതാവായ നൊവാക് ജോക്കോവിച്ച്, ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവ് തുടങ്ങിയവർ ചാമ്പ്യൻഷിപ്പിൽ മാറ്റുരക്കും.

ഇന്ന് ആദ്യ റൗണ്ട് മത്സരത്തിൽ പുരുഷ സിംഗിൾസിൽ ബെൻ ഷെൽട്ടൻ, ഇഗ്നാസിയോ ബ്യൂസിനെ നേരിടും.

✪✪✪

ശ്രീനഗറിലെ ദാൽ തടാകത്തിൽ നടന്ന ആദ്യ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിൽ മധ്യപ്രദേശ് ഒന്നാമതെത്തി. 10 സ്വർണ്ണവും, മൂന്ന് വെള്ളിയും അഞ്ച് വെങ്കലവും മധ്യപ്രദേശ് സ്വന്തമാക്കി. വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി അഞ്ഞൂറിലേറെ അത്‌ലറ്റുകൾ ഫെസ്റ്റിവെലിൽ പങ്കെടുത്തു.

✪✪✪

ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ട്രോഫി, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് നിലനിർത്തി. കൊൽക്കത്തയിൽ നടന്ന ഫൈനലിൽ ഡയമണ്ട് ഹാർബർ FC യെ ആറ് ഗോളുകൾക്കാണ് നിലവിലെ ചാമ്പ്യന്മാരായ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തിയത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. വയനാട് സുൽത്താൻ ബത്തേരി സ്വദേശിയായ 45 കാരനാണ് രോഗം റിപ്പോർട്ട് ചെയ്തത്. നിലവിൽ ഏഴ് പേരാണ് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്നത്.

✪✪✪

സംസ്ഥാനത്തെ ഏക ഗോത്ര വർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ പനി ബാധിച്ച് അഞ്ച് വയസുകാരൻ മരിച്ചു. കൂടലാർകുടിയിലെ കാർത്തിയാണ് മരിച്ചത്. പനി ബാധിച്ച് അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടു വരുന്നതിനിടെയായിരുന്നു മരണം.

✪✪✪

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോർ, ഒന്നാം നില എന്നിവ ഇന്ന് വൈകിട്ട് മുതൽ തുറന്ന് പ്രവർത്തിക്കും. MRI, CT തുടങ്ങി സേവനങ്ങളും ഈ ബ്ലോക്കിൽ ലഭ്യമാക്കുന്നതാണ്. ബുധനാഴ്ച രണ്ട്, മൂന്ന്, നാല് നിലകളിലെ വാർഡുകളും ന്യൂറോ സർജറി തീവ്ര പരിചരണ വിഭാഗവും തുറന്ന് പ്രവർത്തിക്കും.

MRI റൂമിൽ പുക ഉയർന്നതിനെ തുടർന്നാണ് മെയ് രണ്ട് മുതൽ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് അടച്ചിട്ടത്.

✪✪✪

വിദേശ രാജ്യങ്ങളിലെ പോലെ പഠനവും ജോലിയും ഒരുമിച്ച് കൊണ്ടു പോകുന്ന സംവിധാനം ഇന്ത്യയിലും നിലവിൽ വരണമെന്ന് MK രാഘവൻ MP പറഞ്ഞു. കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും എംപ്ലോയബിലിറ്റി സെന്ററിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രയുക്തി ജോബ്ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴിലെ വർക്കല ജാമിഅ: മന്നാനിയ്യായിൽ ഒരു മാസമായി നടക്കുന്ന 17-ാമത് ബുഖാരി മജിലിസ് ഇന്ന് സമാപിക്കും. വൈകിട്ട് പ്രാർത്ഥനാ സംഗമത്തോടെയാണ് സമാപനം.

✪✪✪

മാവേലിക്കര തഴക്കരയിൽ പ്രവർത്തിക്കുന്ന AGP ഫൗണ്ടേഷൻ പത്താം വാർഷികം ഇന്ന് AV സംസ്കൃത സ്കൂളിൽ നടക്കും. മുൻ ചീഫ് സെക്രട്ടറി K ജയകുമാർ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനുഷ ആത്മപ്രകാശ്*
*CNE: അനഘ ടി ആർ*
*DEO: സി കെ സുബോധ്*